## പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.*74. 10.06.2019 ൽ മറുപടിയ്ക്ക്

## മയക്കുമരുന്ന് സംഘങ്ങൾക്കെതിരായ നടപടി

| ചോദ്യം | | | ഉത്തരം |
|---|---|---|---|
| ശ്രീ.കെ.ആൻസലൻ<br>ശ്രീ.ആർ.രാജേഷ്<br>ശ്രീ.വി.അബ്ദുറഹിമാൻ<br>ശ്രീ.സി.കെ.ശശീന്ദ്രൻ | | | ശ്രീ.ടി.പി. രാമകൃഷ്ണൻ<br>(തൊഴിലും എക്സൈസും വകുപ്പുമന്ത്രി) |
| (എ) | എക്സൈസ് വകുപ്പ് മറ്റ് എൻഫോഴ്സ്മെന്റ് വിംഗുകളുടെ സഹായത്തോടെ നടത്തുന്ന ശക്തമായ നടപടികളുടെ ഫലമായി മയക്കുമരുന്ന് സംഘങ്ങൾക്കെതിരെ എടുക്കുന്ന കേസുകൾ ഗണ്യമായി വർദ്ധിച്ചെങ്കിലും ഇത്തരം സംഘങ്ങൾ ഇപ്പോഴും വ്യാപകമായി ഉണ്ടെന്നത് കണക്കിലെടുത്ത് അതുനേരിടാനായി ജനപങ്കാളിത്തത്തോടെ നടത്തി വരുന്ന ഇടപെടലുകൾ വിശദമാക്കാമോ; | (എ) | മയക്കുമരുന്നുകളുടെ വിപണനം, ഉപയോഗം തുടങ്ങിയ പ്രവർത്തനങ്ങൾ തടയുന്നതിന് എക്സൈസ് ഷാഡോ സംവിധാനവും ഇന്റലിജൻസ് വിഭാഗവും രഹസ്യ നിരീക്ഷണം നടത്തുകയും വിവരങ്ങൾ ശേഖരിക്കുകയും വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ ലഹരിവിരുദ്ധ ക്ലബ്ബുകളുടെയും പി.റ്റി.എ.യുടെയും പൊതുജനങ്ങളുടെയും സഹകരണത്തോടെ തുടർനടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു.<br>സംസ്ഥാനത്തെ എല്ലാ ത്രിതല പഞ്ചായത്തുകളിലും, മുൻസിപ്പാലിറ്റികളിലും, കോർപ്പറേഷനുകളിലും ബോധവത്ക്കരണ/വിമുക്തി കമ്മിറ്റികൾ പ്രവർത്തിച്ചുവരുന്നു. ജനകീയ കമ്മിറ്റികളിലൂടെ മയക്ക്മരുന്ന് വിപണനം സംബന്ധിച്ച വിവരങ്ങൾ ശേഖരിച്ച് എൻഫോഴ്സ്മെന്റ് പ്രവർത്തനം ശക്തിപ്പെടുത്തുന്നു. സന്നദ്ധസംഘടനകളുടെയും വിവിധ ക്ലബ്ബുകളുടെയും സഹായത്തോടെ ലഹരിയ്ക്കെതിരായ പ്രവർത്തനങ്ങളും കുറ്റകൃത്യങ്ങൾ കണ്ടെത്തുന്നതിനുള്ള നടപടികളും ഊർജ്ജിതമായി നടന്നുവരുന്നു. വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നിലവിൽ 3272 ലഹരി വിരുദ്ധ ക്ലബ്ബുകൾ രൂപീകരിച്ച് പ്രവർത്തിച്ചു വരുന്നതും നാളിതുവരെ 3272 പരാതിപ്പെട്ടികൾ സ്കൂളുകളിൽ സ്ഥാപിച്ചിട്ടുള്ളതുമാണ്. |
| (ബി) | അയൽ സംസ്ഥാനങ്ങളിൽ നിന്നുള്ള മയക്കു മരുന്നു കടത്ത് തടയാൻ ചെക്ക്പോസ്റ്റുകളിലും ട്രെയിനുകളിലും ആധുനിക ഉപകരണങ്ങളുടെ | (ബി) | ഉണ്ട്. അയൽ സംസ്ഥാനങ്ങളിൽ നിന്നുള്ള മയക്കുമരുന്ന് കടത്ത് തടയുന്നതിന് എക്സൈസ് വകുപ്പ് ചെക്ക് പോസ്റ്റുകളിലെ വാഹന പരിശോധനകൾ കർശനമാക്കിയിട്ടുള്ളതും അയൽ സംസ്ഥാനങ്ങളിലെ എൻഫോഴ്സ്മെന്റ് ഏജൻസി |

| | | | |
|---|---|---|---|
| | സഹായത്തോടെ ശക്തമായ പരിശോധന നടത്താൻ നടപടിയെടുത്തിട്ടുണ്ടോ; | | കളുമായി ചേർന്ന് സംയുക്ത പരിശോധനകൾ നടത്തുകയും ചെയ്തു വരുന്നു. പോലീസ്, ആർ.പി.എഫ്., തുടങ്ങിയ വിഭാഗങ്ങളുമായി ചേർന്ന് ട്രെയിനുകളിലും ശക്തമായി പരിശോധനകൾ നടത്തിവരുന്നുണ്ട്.<br>എക്സൈസ് ചെക്ക്പോസ്റ്റുകളുടെ പ്രവർത്തനം സുതാര്യവും, കാര്യക്ഷമവുമാക്കാൻ 14 എക്സൈസ് ചെക്ക്പോസ്റ്റുകളിൽ സി.സി.റ്റി.വി. ക്യാമറ സംവിധാനം ഏർപ്പെടുത്തുകയും, പ്രധാനപ്പെട്ട 20 എക്സൈസ് ചെക്ക് പോസ്റ്റുകൾ കംമ്പ്യൂട്ടർവത്ക്കരിക്കുകയും, എക്സൈസ് ചെക്ക് പോസ്റ്റുകളിലെ ഉപയോഗത്തിനായി 27 മോട്ടോർ ബൈക്കുകൾ അനുവദിക്കുകയും ചെയ്തു. എല്ലാ ചെക്ക് പോസ്റ്റുകളിലും 1 കെ.വി ഇൻവർട്ടർ സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. |
| (സി) | അലോപ്പതി,ആയുർവേദ മരുന്നുകൾ ലഹരി പദാർത്ഥങ്ങളായി ദുരുപയോഗം ചെയ്യുന്നത് തടയാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചു വരുന്നതെന്ന് വ്യക്തമാക്കാമോ? | (സി) | അലോപ്പതി, ആയുർവേദ മരുന്നുകൾ ലഹരി പദാർത്ഥങ്ങളായി ദുരുപയോഗം ചെയ്യുന്നത് തടയാൻ ഡ്രഗ്സ് കൺട്രോൾ വകുപ്പുമായി ചേർന്നും അല്ലാതെയും പരിശോധനകൾ നടത്തി വരുന്നു. ലഹരി അടങ്ങിയ മരുന്നുകൾ വിൽപ്പന നടത്തുന്നത് നിയമപ്രകാരമാണോയെന്ന് രേഖകൾ പരിശോധിച്ച് ബോദ്ധ്യപ്പെടുകയും ചെയ്തുവരുന്നു. മെഡിക്കൽ സ്റ്റോറുകളിൽ നിന്നും ലഭിക്കുന്ന ചില മരുന്നുകൾ ലഹരിയ്ക്കായി ഉപയോഗിക്കുന്നതായി കണ്ടതിനാൽ ഇത്തരം മരുന്നുകൾ കുറിപ്പടികളില്ലാതെ നല്കുന്നത് തടയുവാൻ ഡ്രഗ്സ് ഇൻസ്പെക്ടർമാരുടെയും, മെഡിക്കൽ സ്റ്റോർ ഉടമകളുടെയും, പ്രതിനിധികളുടെ യോഗം വിളിച്ച് ചേർത്ത് അവലോകനം നടത്തി നിർദ്ദേശങ്ങൾ നൽകുകയും ചട്ടലംഘനം നടത്തുന്ന സ്ഥാപനങ്ങൾക്കെതിരെ കർശന നിയമനടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു. അയൽ സംസ്ഥാനങ്ങളിൽ നിന്നും വിവിധ മരുന്നുകൾ ലഹരിക്കായി ഉപയോഗിക്കുന്നതിന് നിയമവിരുദ്ധമായി കടത്തിക്കൊണ്ട് വരുന്നത് തടയാൻ ചെക്ക് പോസ്റ്റുകളിലും ട്രെയിനുകളിലും പരിശോധനകൾ ശക്തമാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ